| | | | |
|---|---|---|---|
| (ബി) | പാപ്പിനിശ്ശേരി | - | സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| | നാറാത്ത് | - | നിർദ്ദേശിക്കപ്പെട്ട കെട്ടിടത്തിന് മാവേലി സ്റ്റോർ തുടങ്ങുന്നതിനാവശ്യമായ 500 ച. അടി വിസ്തീർണ്ണം ഇല്ലാത്തതിനാൽ പഞ്ചായത്ത് അധികൃതരോട് മാവേലിസ്റ്റോർ നടത്തുന്നതിന് ആവശ്യമായ സ്ഥലസൗകര്യമുള്ള കെട്ടിടത്തിന്റെ ലഭ്യത അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| | അഴീക്കോട് | - | മാവേലിസ്റ്റോർ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത പഞ്ചായത്ത് അധികൃതർ ഇതുവരെ അറിയിച്ചിട്ടില്ല. |

(സി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാപഠനം നടത്തി സാമൂഹികമായും വാണിജ്യപരമായും ഗുണകരമെന്ന് കണ്ടാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നിശ്ചിത മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സി.ഡി.ആർ.എഫുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി**

**69 (2547)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസൽ ഫോറങ്ങളിൽ ഏതൊക്കെ ജില്ലകളിലെ ഫോറങ്ങൾക്കാണ് സ്വന്തമായി കെട്ടിടം നിലവിലില്ലാത്തത് ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത ഫോറങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്നും, എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടങ്ങളിലല്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്.

**"സ്കൂൾ കുട്ടികൾക്കുള്ള പാൽവിതരണം"**

**70 (2548)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാലിന്റെ വില ഇനിയും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വിലവർദ്ധനവുമൂലം കുട്ടികൾക്ക് പോഷകാഹാരക്കുറവിന് സാധ്യതയുള്ളതിനാൽ സബ്സിഡി നിരക്കിൽ പാൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) സ്കൂൾ കുട്ടികൾക്കു നൽകുന്ന പാൽ ആഴ്ചയിലൊരു ദിവസമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പാൽ നൽകുന്ന പദ്ധതി നിലവിലുണ്ട്.

(സി) ഇല്ല.

**ക്ഷീര സഹകരണസംഘങ്ങൾ നൽകിവരുന്ന സേവനങ്ങൾ**

**71 (2549)** ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീര കർഷകരിൽ നിന്നും ഗുണമേന്മ പരിശോധിച്ച് പാൽ സംഭരിക്കുന്നതിന് ആവശ്യമായ എന്തൊക്കെ ആധുനിക സംവിധാനങ്ങളാണ് ക്ഷീര സഹകരണസംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ക്ഷീര കർഷകർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാനായി ക്ഷീര സഹകരണസംഘങ്ങൾ എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly